**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4878** **02-07-2024 - ൽ മറുപടിയ്ക്ക്**

**സുബല പാർക്ക് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച സുബല പാർക്ക് ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച സുബല പാർക്ക് ടൂറിസം പദ്ധതിയുടെ നവീകരണം 3 ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നു വരുന്നത്. ഒന്നാം ഘട്ടത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.<br><br>1 Renovation of Convention Building including Kitchen, Toilet And Wash.<br><br>2. Boating office<br><br>3. Water body Edge Treatment and Retaining Wall<br><br>4. Water Drain Channel<br><br>ഒന്നാം ഘട്ടത്തിൽ 2,90,97,525/- (രണ്ടു കോടി തൊണ്ണൂറു ലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി അഞ്ഞൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം) രൂപയുടെ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. അതിൽ ബോട്ടിംഗ് ഓഫീസ് പൂർത്തീകരിക്കാനുണ്ട്. തടാകത്തിന്റെ റീടൈനിംഗ് വാൾ നിർമ്മാണം ആകെയുള്ള 425 മീറ്ററിൽ 197 മീറ്റർ പണിയും പൂർത്തീകരിക്കാനുണ്ട്. കൂടാതെ കൺവെൻഷൻ സെന്ററിന്റെ വയറിംഗുമായി ബന്ധപ്പെട്ട ചില പ്രവൃത്തികളും പൂർത്തീകരിക്കാൻ ശേഷിക്കുന്നുണ്ട്. സുബലാ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | ചെയർമാനായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദാംശം നൽകാമോ; | (ബി) | നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>സ്ഥലം വാങ്ങിയത് - 5,00,000/-<br><br>കമ്മ്യൂണിറ്റി ഹാൾ/വർക്ക് ഷെഡ് - 27,50,159/-<br><br>പാർക്കിന് ചുറ്റുമതിൽ കെട്ടിയത് - 40,75,000/-<br><br>(കൺവെൻഷൻ സെന്റർ, കിച്ചൻ, ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ) – 76,77,762/-<br><br>ബോട്ടിംഗ് ഓഫീസ് - 11,54,799/-<br><br>തടാകത്തിനു ചുറ്റും സംരക്ഷണ ഭിത്തി - 47,67,279/-<br><br>വാട്ടർ കനാൽ - 31,66,613/-<br><br>ഏജൻസി ചാർജ്ജ്/ടാക്സ് - 20,11,973/-<br><br>വസ്തു സംബന്ധമായ എൽ.എ. കേസുകൾക്ക് നൽകിയത് - 90,63,472/-<br><br>ആകെ - 3,51,67,057/- |
| (സി) | പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സുബല പാർക്ക് ടൂറിസം പദ്ധതിയുടെ നവീകരണം 3 ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. ഇപ്പോൾ ഇതിൽ ഒന്നാം ഘട്ടത്തിലെ പ്രവർത്തികളാണ് നടന്നു വരുന്നത്. രണ്ടാം ഘട്ടത്തിൽ 2,23,80,208/-(രണ്ടു കോടി ഇരുപത്തി മൂന്നു ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കേണ്ടത്. പ്രളയം, കോവിഡ് എന്നിവ മൂലം ഉണ്ടായ പ്രതിസന്ധികൾ ഈ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സുബലാ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ